അഖിലേന്ത്യാ അന്തർ സർവകലാശാല വനിതാ ഫുട്ബോളിൽ വെള്ളി മെഡൽ നേടിയ കാലിക്കട്ട് സർവകലാശാല ടീം.

അന്തർ സർവകലാശാല വനിതാ ഫുട്ബോളിൽ കാലിക്കട്ടിന് വെള്ളി

തേഞ്ഞിപ്പലം: കാലിക്കട്ട് സർവകലാശാലക്ക് അഖിലേന്ത്യാ അന്തർ സർവകലാശാല വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേട്ടം. നിശ്ചിത സമയത്തും ഇരുടീമുകളും ഒപ്പത്തിനൊപ്പം നിന്ന വാശിയേറിയ പോരാട്ടത്തിനൊടുവിൽ അധികസമയത്ത് വഴങ്ങേണ്ടി വന്ന ഏക ഗോളിനാണ് (1-0) ഹരിയാന ഹിസാറിലെ ഗുരു ജംബേശ്വർ സർവകലാശാലയോട് കാലിക്കട്ട് കീഴടങ്ങിയത്.

കിരീടം നേടാനായില്ലെങ്കിലും ചരിത്രത്തിലാദ്യമായി അഖിലേന്ത്യാ ഫൈനലിൽ കടന്ന ടീമെന്ന അഭിമാനകരമായ നേട്ടവുമായാണ് കാലിക്കട്ടിന്റെ പെൺപട മടങ്ങിയത്.

ആദ്യപകുതിയിലും രണ്ടാംപകുതിയിലും ഇരുടീമുകളും പ്രതിരോധം ശക്തമാക്കിയതോടെ ഗോൾരഹിത സമനില പാലിക്കുകയായിരുന്നു. തുടർന്ന് അധികസമയത്താണ് കാലിക്കട്ടിന്റെ പ്രതിരോധം ഭേദിച്ച് ഹരിയാന നിർണായക ഗോൾ നേടിയത്. സെമി ഫൈനലിൽ ആതിഥേയരായ അണ്ണാമലൈ സർവകലാശാലയെ ഷൂട്ടൗട്ടിൽ (4-3) അട്ടിമറിച്ചെത്തിയ കാലിക്കട്ടിന് പക്ഷേ ഫൈനലിൽ ഭാഗ്യം തുണച്ചില്ല.

ഫാറൂഖ് കോളജ് കായിക വിഭാഗം മേധാവി ഡോ. ഇർഷാദ് ഹസന്റെ നേതൃത്വത്തിലുള്ള പരിശീലനമാണ് ടീമിനെ സ്വപ്നതുല്യമായ നേട്ടത്തിലേക്ക് നയിച്ചത്. ജസീല ഇളയിടത്ത് (സഹപരിശീലക), ഡെന്നി ഡേവിസ് (ഫിസിയോ) എന്നിവർ ടീമിനൊപ്പമുണ്ടായിരുന്നു.

സെമിയിൽ മിന്നും പ്രകടനം കാഴ്ചവച്ച ഗോൾ കീപ്പർ ആരതി, താരങ്ങളായ ദർശിനി ദേവി, സാന്ദ്ര, ശ്രീനന്ദന, സോണിയ ജോസ്, തനുശ്രീ രമേശ് എന്നിവർ ടൂർണമെന്റിലുടനീളം മികച്ച പ്രകടനം നടത്തി. കിരീടം കൈവിട്ടെങ്കിലും ദേശീയ തലത്തിൽ കാലിക്കട്ടിന്റെ പെൺകരുത്ത് തെളിയിച്ച വെള്ളി മെഡൽ നേട്ടം സർവകലാശാലയുടെ കായിക ചരിത്രത്തിലെ അപൂർവ നേട്ടമാണ്.

കൊലപാതകശ്രമം: എസ്ഡിപിഐക്കാർക്ക് ഏഴ് വർഷം കഠിന തടവും പിഴയും

കോഴിക്കോട്: കൊയിലാണ്ടി ഏഴ് കുടിക്കലിൽ ക്ഷേത്ര പൂജാരിയെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ രണ്ട് എസ്ഡിപിഐക്കാർക്ക് ഏഴ് വർഷം കഠിനതടവും പിഴയും. എടക്കുളം കവലാട് സ്വദേശികളായ മുഹമ്മദലി എന്ന ജാക്കി, വി.എം.ഷബീബ് എന്നിവരെയാണ് ഏഴ് വർഷം കഠിനതടവിനും അമ്പതിനായിരം രൂപ വീതം പിഴയടയ്ക്കാനും കോടതി വിധിച്ചത്.

2022 ഫെബ്രുവരി ഒമ്പതിന് ഓട്ടോയിൽ യാത്ര ചെയ്യുകയായിരുന്ന അർഷിതിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലാണ് കോഴിക്കോട് രണ്ടാം അഡീഷണൽ സെഷൻസ് ജില്ലാ കോടതി ജഡ്ജി പി. സെയ്തലവി ശിക്ഷ വിധിച്ചത്. മത്സ്യത്തൊഴിലാളികളെ ഇറക്കി തന്റെ ഓട്ടോയിൽ തിരികെ വരികയായിരുന്ന അർഷിതിനെ തീരദേശ റോഡിൽ കവലാട് വച്ച് ബൈക്കിലെത്തിയ സംഘം ആക്രമിക്കുകയായിരുന്നു.

നരിവാലമുണ്ടയിൽ തേനീച്ചകളുടെ കുത്തേറ്റ് അഞ്ച് പേർക്ക് പരിക്ക്; ഒരാളുടെ നില ഗുരുതരം

എടക്കര: വഴിക്കടവ് നരിവാലമുണ്ടയിൽ തേനീച്ചകളുടെ കുത്തേറ്റ് അഞ്ച് പേർക്ക് പരിക്കേറ്റു. ഒരാളുടെ നില ഗുരുതരം. നരിവാലമുണ്ട കുറ്റിക്കാട്ടിൽ കുഞ്ഞ (65) നെയാണ് ഗുരുതര പരിക്കുകളോടെ മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

ഇന്നലെ രാവിലെ പതിനൊന്നോടെയാണ് സംഭവം. വൻ തേനീച്ചകൾ കൂട്ടത്തോടെ ആളുകളെ ആക്രമിക്കുകയയായിരുന്നു. മൊടപ്പൊയ്ക സ്വദേശിയായ തെങ്ങുകയറ്റ തൊഴിലാളി ശ്രീജേഷ്, വഴിക്കടവ് ഗ്രാമപഞ്ചായത്ത് ഹരിതകർമ സേന ഭാരവാഹി പ്രിയ കണ്ണോത്ത്, ബൈജു വടക്കേക്കര, ബിജു കുന്നത്ത് എന്നിവർക്കും തേനീച്ചയുടെ ആക്രമണണത്തിൽ പരിക്കേറ്റു. ഇവരെ വഴിക്കടവിലെ സ്വകാര്യ ആശുപത്രിയിൽ പ്രാഥമിക ചികിത്സകൾക്ക് ശേഷം വിട്ടയച്ചു. റോഡിലൂടെ നടന്നുപോകുമ്പോഴാണ് കുഞ്ഞന് തേനീച്ചയുടെ കുത്തേറ്റത്. തേനീച്ചകളുടെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാൻ ഓടുന്നതിനിടയിൽ വീണും ചിലർക്ക് പരിക്കേറ്റിട്ടുണ്ട്.

തേനീച്ചയുടെ കുത്തേറ്റ് മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച കുറ്റിക്കാട്ടിൽ കുഞ്ഞൻ.

മുക്കത്ത് ഡിവൈഎഫ്ഐ പ്രകടനം അക്രമാസക്തം; യുഡിഎഫ് ഫ്ലക്സ് ബോർഡുകൾ വ്യാപകമായി നശിപ്പിച്ചു

മുക്കം: മന്ത്രി വീണാ ജോർജിനെതിരേ കെഎസ്യു പ്രവർത്തകർ നടത്തിയ കരിങ്കൊടി സമരത്തിനിടെ മന്ത്രിയെ ആക്രമിച്ച് പരിക്കേൽപ്പിച്ചതായി ആരോപിച്ച് മുക്കത്ത് ഡിവൈഎഫ്ഐ പ്രവർത്തകർ നടത്തിയ മാർച്ച് അക്രമാസക്തമായി. മുക്കം ടൗണിലെ വിവിധ ഭാഗങ്ങളിൽ യുഡിഎഫ് സ്ഥാപിച്ച ഫ്ലക്സ് ബോർഡുകൾ ഡിവൈഎഫ്ഐ പ്രവർത്തകർ നശിപ്പിച്ചു. 25 ഓളം വരുന്ന ഡിവൈഎഫ്ഐ പ്രവർത്തകരാണ് പ്രതിഷേധ പ്രകടനം നടത്തിയത്. സിപിഎം ഏരിയ കമ്മിറ്റി ഓഫീസ് പരിസരത്ത് നിന്ന് ആരംഭിച്ച പ്രകടനം ബസ് സ്റ്റാൻഡിൽ സമാപിച്ചു. പ്രകടനത്തിന് ജില്ല കമ്മിറ്റി അംഗം ഇ. അരുൺ, റെനിൽ രാജ്, അജയ് ഫ്രാൻസി, ശരത് തുടങ്ങിയവർ നേതൃത്വം നൽകി.

മുക്കത്ത് ഡിവൈഎഫ്ഐ പ്രവർത്തകർ നടത്തിയ പ്രകടനം.

കോൺഗ്രസ് പ്രവർത്തകർ റോഡ് ഉപരോധിക്കുന്നു.

ഡിവൈഎഫ്ഐ അക്രമത്തിൽ പ്രതിഷേധിച്ച് കോൺഗ്രസ് പ്രവർത്തകർ മുക്കത്ത് സംസ്ഥാന പാത ഉപരോധിച്ചു. പി സി ജംഗ്ഷനിൽ നിന്നാരംഭിച്ച് ടൗൺ ചുറ്റി അഭിലാഷ് ജംഗ്ഷനിൽ റോഡ് ഉപരോധിക്കുകയായിരുന്നു. ഡിവൈഎഫ്ഐ പ്രവർത്തകർക്കെതിരേ കേസെടുക്കണമെന്നാവശ്യപ്പെട്ടായിരുന്നു ഉപരോധം. പത്ത് മിനിട്ട് നേരത്തെ ഉപരോധത്തിനെ തുടർന്ന് സംസ്ഥാന പാതയിൽ ഗതാഗതം സ്തംഭിച്ചു. തുടർന്ന് പോലീസെത്തി പ്രവർത്തകരെ അറസ്റ്റ് ചെയ്തു നീക്കി. ഉപരോധത്തിന് മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് നിഷാബ് മുല്ലോളി, നിഷാദ് വീച്ചി, പ്രഭാകരൻ മുക്കം എന്നിവർ നേതൃത്വം നൽകി.

മോദിയുടെ ഇസ്രയേൽ സന്ദർശനം: വിമർശനവുമായി പ്രതിപക്ഷം

സ്വന്തം ലേഖകൻ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദി ഇസ്രയേലിൽ നടത്തുന്ന ദ്വിദിന സന്ദർശനത്തിനെതിരേ പ്രതിപക്ഷം. മോദിയുടേതു ധാർമികമായ ഭീരുത്വമാണെന്ന് കോൺഗ്രസ് കുറ്റപ്പെടുത്തിയപ്പോൾ ഗാസ വംശഹത്യയ്ക്കിടയിലുള്ള പ്രധാനമന്ത്രിയുടെ ഇസ്രയേൽ സന്ദർശനത്തെ എതിർക്കണമെന്ന് സിപിഎം പ്രതികരിച്ചു.

ഗാസയെ നാമാവശേഷമാക്കി മാറ്റിയ ഇസ്രയേൽ പ്രധാനമന്ത്രിയെ മുഴുവൻ ലോകവും വിമർശിക്കുമ്പോൾ ഇന്ത്യൻ പ്രധാനമന്ത്രി അദ്ദേഹത്തെ ധാർഷ്ട്യത്തോടെ ആലിംഗനം ചെയ്യുകയാണെന്നും ഇതു ധാർമികമായ ഭീരുത്വത്തിന്റെ പ്രകടനമാണെന്നും എഐസിസി ജനറൽ സെക്രട്ടറി ജയ്റാം രമേശ് കുറ്റപ്പെടുത്തി.

ഉപകാരസ്മരണ



വിശുദ്ധ യൂദാശ്ലീഹായുടെ നാമത്തിൽ കാര്യം സാധിച്ചതിന് ഉപകാരസ്മരണ. താമസിച്ചതിന് ക്ഷമാപണം

ഒരു വിശ്വാസി
മണിമൂളി

Z2602-586972

മാർക്കറ്റ്

കോഴിക്കോട്

വെളിച്ചെണ്ണ	28900	**ചൂടി**	
കൊപ്ര		കൊയിലാണ്ടി -1	9100
എടുത്തപടി	16800	കൊയിലാണ്ടി -2	8300
റാസ്	16400	ബേപ്പൂർ -1	6500
ദിൽപസന്ത്	16900	ബേപ്പൂർ - 2	6000
രാജപ്പൂർ	30500	**കുരുമുളക്**	
ഉണ്ട	25500	പുതിയത്	
പിണ്ണാക്ക്		നാടൻ	66000
റോട്ടറി	4300	ചേട്ടൻ	67500
എക്സ്പല്ലർ	4100	വയനാടൻ	68500
പച്ചത്തേങ്ങ	5500	**ചുക്ക്**	20000-25000
വടകര		**മഞ്ഞൾ**	8000
കൊട്ടത്തേങ്ങ	30000-32000	**അടയ്ക്ക**(പുതിയത്)	39000
ചെറിയ		**റബർ**	
കൊട്ടത്തേങ്ങ	32000-33000	ഗ്രേഡ്-4	20000
വലിയ		ഗ്രേഡ്-5	18000
കൊട്ടത്തേങ്ങ	33000-36000	**ഒട്ടുപാൽ**	12000

വയനാട്

കുരുമുളക്		നേന്ത്രക്കായ(ക്വിന്റൽ)	1400
വയനാടൻ(ക്വിന്റൽ)	69500	ഇഞ്ചി പുതിയത് (60 കിലോ)	
ചേട്ടൻ (ക്വിന്റൽ)	68500		2200
നെല്ല്		കാപ്പി ഉണ്ട(54 കിലോ)	
മട്ട (ക്വിന്റൽ)	2500		10800
വെള്ള (ക്വിന്റൽ)	2400	പരിപ്പ് (ക്വിന്റൽ)	
റബർ (ക്വിന്റൽ)	21700		36000

ദേശീയ സെമിനാർ ഐസിസിഎൻ സെക്രട്ടറി ജനറൽ ഡോ. വി. ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു.

ട്രൈബൽ ഫോക് പെർഫോമൻസ് സെമിനാർ

തേഞ്ഞിപ്പലം: കാലിക്കട്ട് സർവകലാശാലയിലെ തദ്ദേശ സംസ്കാര പൈതൃക പഠനത്തിനുള്ള യുനെസ്കോ ചെയറും സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസും സംയുക്തമായി കേരളത്തിലെ ഗോത്ര വിഭാഗങ്ങളുടെ പ്രകടന കലകളെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന ദേശീയ സെമിനാർ ആരംഭിച്ചു.

ഫോക്‌ലോർ പ്രോത്സാഹന സംഘടനയായ ഐസിസിഎന്നിന്റെ സെക്രട്ടറി ജനറൽ ഡോ. വി. ജയരാജൻ ഉദ്ഘാടനം ചെയ്തു.

സിൻഡിക്കറ്റംഗം ഡോ. കാവുമ്പായി ബാലകൃഷ്ണൻ, ഐസിഎച്ച്എസ്ഡി മേധാവി ഡോ. പുഷ്പലത, സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ് മേധാവി ഡോ. സി.കെ. ജിഷ, സി നീഷ് വേലിക്കുനി, സുനിൽകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

പോളണ്ടിൽ ആറു പേർ അറസ്റ്റിൽ

വാർസോ: ഉപരോധപട്ടികയിൽ ഉൾപ്പെടുന്ന സൈനിക വസ്തുക്കൾ റഷ്യയിലേക്കു കടത്താൻ ശ്രമിച്ച ആറു പേർ പോളണ്ടിൽ അറസ്റ്റിലായി. രണ്ടു പേർ പോളിഷ് പൗരന്മാരും നാലുപേർ ബലാറൂസ് പൗരന്മാരുമാണ്. ഡ്രോൺ നിർമാണത്തിനുള്ള ഇലക്ട്രോണിക് ഉപകരണങ്ങളാണ് കടത്തിയതെന്നു സൂചനയുണ്ട്.

വയനാടൻ ചുരത്തിൽ കുരിശിന്റെ വഴി

കോഴിക്കോട്: വയനാടൻ ചുരത്തിൽ കുരിശിന്റെ വഴി. 27ന് രാവിലെ ഒമ്പതിന് ഫാ. ജിതിൻ ആനിക്കാട്ട് സിഎംഐ വചനസന്ദേശം നൽകും. തുടർന്ന് രാവിലെ 9.30 ഓടെ ഫാ. തോമസ് തുണ്ടത്തിൽ സിഎംഐ, ജോസ് അഗസ്റ്റിൻ കീപ്പുറം പാലാ, സിസ്റ്റർ ജീന എന്നിവരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി ആരംഭിക്കും. രണ്ടോടെ ലക്കിടി മൗണ്ട് സീനായ് ആശ്രമത്തിൽ എത്തിച്ചേരും. തുടർന്ന് ദിവ്യബലിയും നേർച്ചഭക്ഷണവും ഉണ്ടായിരിക്കും.

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : 15/RE /2025-26/EE/PHDN/PNV സംസ്ഥാന പദ്ധതി CARWSS ഏലപ്പാറ – ഹെലിബുരിയയിലെ WTP വേലികെട്ടൽ പ്രവൃത്തി. നിരതദ്രവ്യം :Rs. 39145,. ടെണ്ടർ ഫീസ് : Rs. 2760 . ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 03-02-2026 03:00:pm ഫോൺ : 8547638511. വെബ്സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in

(ഒപ്പ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ
പി.എച്ച്. ഡിവിഷൻ, ഇടുക്കി

KWA-JB-GL-6-740-2025-26

R2602-586978

ദ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്
ബ്രാഞ്ച് വിലാസം: ദ സൗത്ത് ഇന്ത്യൻ ബാങ്ക്, കൽപ്പറ്റ ബ്രാഞ്ച്, കെഎം 18/6, ഡിപോൾ സ്കൂളിന് എതിർവശം, വയനാട്, കൽപ്പറ്റ 673121
ബ്രാഞ്ച് ഇ-മെയിൽ വിലാസം: br0536@sib.co.in

ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണം ലേലം ചെയ്യുന്നു

സ്വർണപണയ വായ്പയിലെ കുടിശിക തീർക്കാനാവശ്യപ്പെട്ട് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ വായ്പക്കാരന് സെയിൽ നോട്ടീസുകൾ നല്കിയിരുന്നു. തുക തിരിച്ചടയ്ക്കുന്നതിൽ വായ്പക്കാരൻ വീഴ്ച വരുത്തിയ സാഹചര്യത്തിൽ, താഴെ ഒപ്പുവച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ സ്വർണാഭരണങ്ങൾ **"As is What is Basis", "Whatever there is Basis", "Without recourse Basis"** അടിസ്ഥാനത്തിൽ ഓൺലൈൻ ലേലം ചെയ്യുന്നതാണെന്ന് വായ്പക്കാരനെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. വായ്പക്കാരനായ **Mr. മുഹമ്മദ് നവാസ് കെ.,** അക്കൗണ്ട് നമ്പർ 053665300001 1291-നു വേണ്ടിയുള്ള ഓൺലൈൻ ലേലം 03-03-2026 തീയതി **12.00 പിഎം മുതൽ 03.00 പിഎം വരെ** https://sibegold.auctiontiger.net മുഖാന്തിരം നടത്തുന്നതായിരിക്കും.
കൂടുതൽ വിവരങ്ങൾക്ക് **ഓക്ഷൻ ടൈഗറിനെ 6352632523** എന്ന നമ്പറിൽ ബന്ധപ്പെടുക.

ഒപ്പ്/- മാനേജർ
ദ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

K2602-586983

നോട്ടീസ്

1995 മാർച്ച് വർഷത്തെ 386849 രജിസ്റ്റർ നമ്പറിലുള്ളഎന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസൃതമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻ മേൽ ആ ക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക് സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

SHARAFUNNEESSA - P.A.
Palliyalil House
Mukkam - P.O,
Kozhikode, Kerala.

z2602-586970

നോട്ടീസ്

2022 മാർച്ച് വർഷത്തെ 162595 രജിസ്റ്റർ നമ്പറിലുള്ളഎന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസൃതമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻ മേൽ ആ ക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക് സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

ALEENA MARIYA JOSEPH
Vattapparambil House,
Kabanigiri P.O.
Wayanad - 673579

z2602-586975..

ICICI Bank
ബ്രാഞ്ച് ഓഫീസ്: ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്. പുഷ്പമംഗലം എസ്റ്റേറ്റ്, എൻഎച്ച് ബൈപാസ് റോഡ്, ഇടപള്ളി, കൊച്ചി – 682024

പൊതു അറിയിപ്പ് – സുരക്ഷിതമായ ആസ്തി വിൽക്കുന്നതിനുള്ള ടെണ്ടറും ലേലവും

(റൂൾ 8(6) ന്റെ പ്രൊവിസോ കാണുക)

സ്ഥാവര ആസ്തികൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

ഫിനാൻഷ്യൽ സെക്യൂരിറ്റൈസേഷനും പുനർനിർമാണത്തിനും കീഴിലുള്ള സ്ഥാവര ആസ്തികൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപ്പന അറിയിപ്പ് 2002 ലെ അസറ്റുകളും എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, സെക്യൂരിറ്റി ഇന്ററസ്റ്റ് റൂൾ 8 (6) ലെ വ്യവസ്ഥകൾ പ്രകാരം.
താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര വസ്തുക്കൾ പണയപ്പെടുത്തിയ/ചാർജ് ചെയ്ത, ജങ്കദായകന്, അതിന്റെ ഭൗതീക കൈവശം വച്ചിരിക്കുന്ന, പൊതുവെ പൊതുജനങ്ങൾക്കും പ്രത്യേകിച്ച് കടം വാങ്ങുന്നവർക്കും (ഉത്തരവാദികൾക്കും) ഐസിഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ നോട്ടീസ് നൽകുന്നു. "എവിടെയാണോ അവിടെ", "എന്താണോ അങ്ങനെ", "എന്തെല്ലാമാണോ അത്" പ്രകാരം താഴെ നൽകിയിരിക്കുന്ന സംക്ഷിപ്ത ആസ്തികൾ വിൽക്കുന്നതാണ്.

ക്രമ നമ്പർ	വായ്പ എടുത്തവരുടെ/കൂട്ടുവായ്പയെടുത്തവരുടെ/ഗ്യാരണ്ടർമാരുടെ പേര് /ലോൺ അക്കൗണ്ട് നമ്പർ	സുരക്ഷിതമായ ആസ്തികളുടെ വിശദാംശങ്ങൾ അറിയാവുന്ന ബാധ്യത കളോടെ, എന്തെങ്കിലും ഉണ്ടെങ്കിൽ	കുടിശ്ശിക യുള്ള തുക	കരുതൽ തുക / നിരതദ്രവ്യം	വസ്തു പരിശോധനയുടെ തീയതിയും സമയവും	ഇ-ലേല തീയതി & സമയവും
(A)	(B)	(C)	(D)	(E)	(F)	(G)
1	ശ്രീമതി ജിജി (വായ്പക്കാരി) ശ്രീ. സുവിഷ് (സഹ-വായ്പക്കാരൻ) ലോൺ അക്കൗണ്ട് നമ്പർ: LBCLT00006049630/ LBCLT00006104971/ LBCLT00006049687	കോഴിക്കോട് ജില്ല- 690507, കോഴിക്കോട് താലൂക്ക്, ചെല്ലാവൂർ വില്ലേജ്, സർവ്വേ നമ്പർ: 121/20 ൽപ്പെട്ട 1.546 ആർ (3.8 സെന്റ്) വസ്തുവിന്റെ ഭൂവിസ്തൃതി 1664, അതിലുള്ള 1000 ചതുരശ്ര അടി വിസ്തീർണമുള്ള 2BHK വീടും. അതിരുകൾ: വടക്ക്: പ്രകാശന്റെ വസ്തു, തെക്ക്: സ്വകാര്യ വഴിയും ഗോപാല കൃഷ്ണന്റെ വസ്തുവും, കിഴക്ക്: മിച്ചമുള്ള വസ്തു, പടിഞ്ഞാറ്; വിജയന്റെ വസ്തു.	27,00,927/- (ഫെബ്രുവരി 21, 2026 വരെ)	രൂപ. 22,00,000/- രൂപ. 2,20,000/-	മാർച്ച് 31, 2026 10:00 AM മുതൽ 12:00PM വരെ	ഏപ്രിൽ 07, 2026 10:30AM മുതൽ 11:30AM വരെ

ഞങ്ങളുടെ ലേല ഏജൻസിയായ **M/s Matex Technologies Pvt Ltd** ന്റെ വെബ്സൈറ്റിൽ (**URL Link- https://www.assets.matexauctions.com**) ഓൺലൈൻ ലേലം നടത്തും. പണയക്കാർക്ക് **2026 ഏപ്രിൽ 06 ന് 05:00 PM** മുമ്പുവരെ പലിശ സഹിതമുള്ള കുടിശ്ശിക അടക്കാവുന്നതും, നൽകാത്തപക്ഷം മേൽപറഞ്ഞ വസ്തു വിൽക്കുന്നതുമാണ്.
പ്രതീക്ഷിക്കുന്ന ബിഡ്ഡർ(കൾ) **ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, പുഷ്പമംഗലം എസ്റ്റേറ്റ്, എൻഎച്ച് ബൈ പാസ് റോഡ്, ഇടപ്പള്ളി, കൊച്ചി 682024** എന്ന വിലാസത്തിൽ ഏണസ്റ്റ് മണി ഡിപ്പോസിറ്റ് (ഇഎംഡി) ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം E കാണുക) സമർപ്പിക്കണം. **2026 ഏപ്രിൽ 06 , 05:00 PM** നോ അതിനു മുമ്പോ, അതിനുശേഷവും മുകളിൽ സൂചിപ്പിച്ച വെബ്സൈറ്റ് വഴി **2026 ഏപ്രിൽ 06 , 05:00 PM-നോ** അതിനുമുമ്പോ, EMD അടച്ചതിന്റെ തെളിവായി ബാങ്ക് അംഗീകരിച്ച ഡിഡിയുടെ സ്കാൻ ഇമേജ് സഹിതം ഓഫർ സമർപ്പിക്കേണ്ടതുണ്ട്. ഭദ്രവായി ശ്രദ്ധിക്കുക, വരാനിരിക്കുന്ന ബിഡ്ഡർമാർക്ക് അവരുടെ ഓഫർ വെബ്സൈറ്റ് വഴി സമർപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ, ടെണ്ടർ രേഖകളുടെ ഒപ്പിട്ട പകർപ്പ് സഹിതം **ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, പുഷ്പമംഗലം എസ്റ്റേറ്റ്, എൻഎച്ച് ബൈ പാസ് റോഡ്, ഇടപ്പള്ളി, കൊച്ചി –682024** എന്ന വിലാസത്തിൽ **2026 ഏപ്രിൽ 06 , 05:00 PM** നോ അതിനു മുമ്പോ സമർപ്പിക്കാം. 'ICICI Bank Limitted' **കൊച്ചിയിൽ** മാറാവുന്ന തരത്തിൽ ഒരു ദേശസാൽകൃത / ഷെഡ്യൂൾഡ് ബാങ്കിൽ നിന്നെടുത്ത **ഏണസ്റ്റ് മണി ഡെപ്പോസിറ്റ് DD/ PO** ആയിരിക്കണം.
ഇ-ലേലത്തിന്റെ പരിശോധന, നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ടെൻഡർ സമർപ്പിക്കലും സംബന്ധിച്ച കൂടുതൽ വ്യക്തതകൾക്കായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡ് ഫോൺ: **9655225532/8138025587** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
കൂടുതൽ കാരണങ്ങളൊന്നും നൽകാതെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ബിഡ്ഡുകളും നിരസിക്കാനുള്ള അധികാരം അംഗീകൃത ഓഫീസർക്ക് നിക്ഷിപ്തമാണ്. വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, ദയവായി **www.icicibank.com/n4p4s** സന്ദർശിക്കുക.

തീയതി: ഫെബ്രുവരി 26, 2026
സ്ഥലം: കോഴിക്കോട്

അംഗീകൃത ഓഫീസർ
ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്

K2602-587009

ദീപിക ക്ലാസിഫൈഡ്സ്

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9656207148
T2507-569654

മാതാ
സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
7356036003
ബ്ലോക്ക്, മെയിന്റനൻസ് റിപ്പയറിംഗ്. ദുർഗന്ധമില്ലാതെ ജില്ലയിൽ എവിടെയും രാത്രിയും പകലും വൃത്തിയാക്കുന്നു.
T2510-575156

ഹോം നേഴ്സിംഗ്
രോഗീപരിചരണത്തിൽ പരിചയമുള്ളവരും, പ്രസവശുശ്രൂഷ, വീട്ടുജോലി (സ്ത്രീ/പു.) എന്നീ ജോലികൾക്കും ജോലിക്കാർക്കും. അഡ്വാൻസ് ശമ്പളം അടയ്ക്കാതെ സർവീസ് ലഭിക്കുന്നതിന്.
വെസ്റ്റേൺ, മുട്ടം, തൊടുപുഴ
ഫോൺ: 9446813356
9388810095
K2512-579623

കേരളത്തിലെ പ്രീമിയം പ്രോപ്പർട്ടികളും പ്രമുഖ ബിൽഡർ പ്രൊജക്റ്റ്കളും ആദ്യമായി ഒരു കുടക്കീഴിൽ.....
ലോകത്തിലെവിടെയിരുന്നും നിങ്ങളുടെ പ്രോപ്പർട്ടികൾ മാനേജ് ചെയ്യൂ...
അത്യാകർഷകമായ ഓഫറുകൾ ഇനിമുതൽ കേരള ലാൻഡിൽ കൂടി സ്വന്തമാക്കൂ....
സന്ദർശിക്കൂ... വിളിക്കൂ...
KERALA LAND
www.kerala.land
77368 50711 / 77365 60711
K2512-579705

വായനക്കാർ ശ്രദ്ധിക്കാൻ
ഈ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്തി സത്യസ